## ഡബ്ല്യുഡബ്ല്യുഎഫ് ഇന്ത്യയുടെ പരാതി പരിഹാര നടപടി ക്രമം

സംഘടനയുടെ പ്രവർത്തനങ്ങളാൽ ബാധിതരാകുന്ന സ്ഥലങ്ങളിലെ സമൂഹം (ങ്ങൾ) ഉന്നയിക്കുന്ന ആശങ്കകൾ സ്വീകരിക്കുന്നതിനും പ്രതികരിക്കുന്നതിനുമുള്ള സംവിധാനം WWF-ഇന്ത്യ സ്ഥാപിച്ചിരിക്കുകയാണ്. WWF-ഇന്ത്യയുടെ പാരിസ്ഥിതിക-സാമൂഹിക സംരക്ഷണ ചട്ടക്കൂടിന്റെയും തത്വ പ്രസ്താവനയുടെയും, പ്രത്യേകിച്ചും പരാതി പരിഹാര നടപടിയെ ശക്തിപ്പെടുത്താനും നടപ്പിലാക്കാനും വേണ്ടിയാണിത്. WWF-ന്റെ സാമൂഹിക സംരക്ഷണ പ്രക്രിയയുടെ കാര്യക്ഷമമായ നടപ്പിലാക്കലിനെയും WWF-ഇന്ത്യയുടെ പ്രവർത്തനങ്ങളുടെ പാരിസ്ഥിതികവും സാമൂഹികവുമായ ഫലത്തെയും ഇത് ഉറപ്പു വരുത്തും. WWF ന്റെ ധാർമ്മിക പ്രതിബദ്ധതയുടെ സമഗ്രത, സുതാര്യത, ഉത്തരവാദിത്തം എന്നിവയുടെ അവിഭാജ്യ ഘടകം കൂടിയാണ് ഈ സംവിധാനം. പരസ്പര സംഭാഷണം, സഹകരണം, പരസ്പര ധാരണ എന്നിവയുടെ അടിസ്ഥാനത്തിലാണ് പരാതി പരിഹരിക്കൽ സംവിധാനം. പരാതികൾ/ ആവലാതികൾ സമയബന്ധിതവും ഫല പ്രദവുമായ രീതിയിൽ പരിഹരിക്കുന്നത് പൊരുത്തക്കേടുകൾ പരിഹരിക്കുന്നതിനും പരസ്പര ധാരണ മെച്ചപ്പെടുത്തുന്നതിനും ഉത്തരവാദിത്തം ശക്തിപ്പെടുത്തുന്നതിനും വർദ്ധിച്ച സഹകരണത്തിനും ശക്തമായ ഒരു അടിത്തറ നൽകുന്നു.

### ആർക്കാണ് പരാതിപ്പെടാൻ കഴിയുക? ആരാണ് ബാധിതൻ/ ബാധിതർ ?

WWF-ഇന്ത്യ രൂപകൽപന ചെയ്തതോ നടപ്പിലാക്കിയതോ ആയ ഏതെങ്കിലും ഒരു പ്രവർത്തി ഏതൊരു സമൂഹമോ (കുറഞ്ഞത് രണ്ടോ അതിലധികമോ ആളുകൾ) അല്ലെങ്കിൽ സാമൂഹിക സ്ഥാപനമോ, അവർക്കു അത് ദോഷകരമായി ബാധിച്ചു/ ഭാവിയിൽ ബാധിക്കും എന്ന് വിശ്വസിക്കുന്നുണ്ടെങ്കിൽ, അത് WWF-ഇന്ത്യ പിന്തുടരുന്ന പാരിസ്ഥിതിക-സാമൂഹിക സംരക്ഷണ ചട്ടക്കൂടിന്റെയും തത്വ പ്രസ്താവനയുടെയും, പരാജയമായി കാണുന്നുവെങ്കിൽ അവരെ ഒരു **"അഫക്റ്റഡ് പാർട്ടി "**(ബാധിതൻ/ ബാധിതർ)" ആയി കണക്കാക്കപ്പെടുന്നു.

ഒരു അഫക്റ്റഡ് പാർട്ടിക്ക് നേരിട്ട് പരാതി ബോധിപ്പിക്കാം. അല്ലെങ്കിൽ മറ്റൊരു വ്യക്തിയോടോ, സംഘടനയോടോ അവരുടെ പ്രതിനിധിയായി പരാതി/ ആവലാതി സംബന്ധമായി സംസാരിക്കാൻ ആവശ്യപ്പെടാവുന്നതാണ്.

**അഫക്റ്റഡ് പാർട്ടിക്കുവേണ്ടി** പരാതി/ ആവലാതി സമർപ്പിക്കുന്ന പ്രതിനിധികൾ അവരുടെ പ്രാതിനിധ്യത്തിനുള്ള ആധികാരികമായ തെളിവുകൾ നൽകണം.

ഒരു പ്രതിനിധി എന്നതിന് ചില ഉദാഹരണങ്ങൾ: ഒരു ഗ്രാമത്തലവനെപ്പോലെ ഒരു സമൂഹത്തിൽ നിന്നുള്ള അധികാരപ്പെട്ട വ്യക്തി; പരമ്പരാഗത അല്ലെങ്കിൽ ആചാരപരമായ അധികാരപ്പെട്ട വ്യക്തി; ബാധിത കക്ഷി ആവശ്യപ്പെട്ടതിന്റെ വ്യക്തമായ തെളിവുകൾ കാണിക്കാൻ കഴിയുന്ന. ഒരു പ്രാദേശിക, ദേശീയ അല്ലെങ്കിൽ അന്തർദ്ദേശീയ സന്നദ്ധ സംഘടന.

**വ്യക്തമായ തെളിവ്** എന്നു പറയുന്നത് ഒരു ഗ്രാമസഭാ പ്രമേയമോ; കുറഞ്ഞത് 10 ഗ്രാമീണ അംഗങ്ങൾ ഒപ്പിട്ട പഞ്ചായത്തിൽ നിന്നുള്ള ഒരു കത്തോ ആകാം .

**പരാതി / ആവലാതി സമർപ്പണത്തിനുള്ള മാതൃക**

പരാതി/ ആവലാതിയിൽ താഴെപ്പറയുന്ന വിവരങ്ങൾ ഉൾപ്പെടുത്തണം:

- പരാതിക്കാരന്റെ പേരും ബന്ധപ്പെടാനുള്ള വിവരങ്ങളും (പരാതിക്കാരൻ നേരിട്ട് സമർപ്പിച്ചിട്ടില്ലെങ്കിൽ, അഫക്റ്റഡ് പാർട്ടിയെ പ്രതിനിധീകരിക്കുന്നവർക്ക് അങ്ങനെ ചെയ്യാനുള്ള ആധികാരികമായ തെളിവ്)
- ആശങ്കക്കടിസ്ഥാനമായ പദ്ധതി/ പരിപാടി, കൃത്യമായ സ്ഥലം
- ആശങ്കക്കടിസ്ഥാനമായ പദ്ധതി/ പരിപാടിയുടെ വിശദാംശങ്ങളും തീയതിയും
- നേരിട്ട ബുദ്ധിമുട്ടുകൾ/ ആശങ്കകൾ
- പ്രസക്തമായ മറ്റേതെങ്കിലും വിവരങ്ങൾ അല്ലെങ്കിൽ രേഖകൾ
- WWF-ഇന്ത്യയുമായോ അല്ലെങ്കിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്ന പങ്കാളികളുമായോ പരാതിക്കാരൻ ബന്ധപ്പെട്ട് ആശങ്കകൾ ഉന്നയിക്കുന്നതിനും പരിഹരിക്കുന്നതിനും ഉണ്ടായ ശ്രമങ്ങൾ
- രഹസ്യാത്മകത അഭ്യർത്ഥിച്ചിട്ടുണ്ടോ (വ്യക്തമായ കാരണം ഉൾപ്പടെ)

ബാധിതന്/ പരാതിക്കാരന് ഇംഗ്ലീഷിലോ ഹിന്ദിയിലോ മറ്റേതെങ്കിലും പ്രാദേശിക ഭാഷയിലോ പരാതി/ ആവലാതി സമർപ്പിക്കാം.

**പരാതി / ആവലാതിക്കുള്ള മാനദണ്ഡം**

WWF-ഇന്ത്യയുടെ ഏതെങ്കിലും പദ്ധതിയുടെയോ പരിപാടിയുടെയോ ഭാഗമായി തങ്ങൾ ദോഷകരമായി ബാധിക്കപ്പെടുകയാണെന്ന് സമൂഹത്തിനു നേരിട്ട് തോന്നുന്ന ആശങ്കകൾ, പ്രത്യേകിച്ചും സാമൂഹികവും പാരിസ്ഥിതികവുമായ അപകടങ്ങൾ. കൂടാതെ, WWF-ഇന്ത്യയെക്കുറിച്ചോ അതിന്റെ പ്രവർത്തനങ്ങളെക്കുറിച്ചോ ഏതൊരാളും ഉന്നയിക്കുന്ന ആശങ്കകളും നിർദ്ദേശങ്ങളും പരാതികളായി പരിഗണിക്കും.

**പരാതി/ ആവലാതി സ്വീകരിക്കുന്ന സംവിധാനം**

WWF-ഇന്ത്യയുടെ grievances@wwfindia.net എന്ന ഇമെയിൽ ഐഡിയിലേക്ക് ഇമെയിൽ അയക്കുകയോ, അല്ലെങ്കിൽ Grievance Redressal, C/o Human Resource, WWF-India, 172-B Lodi Road New Delhi 110003 എന്ന മേൽവിലാസത്തിലേക്കു തപാൽ വഴി അയക്കുകയോ ചെയ്യാം

---

സമൂഹം (ങ്ങൾ) എന്നാൽ WWF-ഇന്ത്യ പ്രവർത്തിക്കുന്ന ലാൻഡ്സ്കേപ്പുകളിൽ സ്ഥിതിചെയ്യുന്ന, അല്ലെങ്കിൽ WWF-ഇന്ത്യയോടൊപ്പം പ്രവർത്തിക്കുന്ന ഗോത്ര വർഗ്ഗക്കാർ അല്ലെങ്കിൽ മറ്റ് പ്രാദേശിക സമൂഹം/ അതിലെ അംഗങ്ങൾ എന്നാണ് അർത്ഥമാക്കുന്നത്.